# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കോഴിക്കോട്  ജില്ല

## പന്തലായനി  ബ്ലോക്ക്

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## വാർഡ് 7

## (ചേലിയ ടൗൺ)

## 1/10/2018-31/03/2019

**ആമുഖം**

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും വും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിര്ദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലിമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23-ാം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതലൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 15 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2-ാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1 ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാര്യദ്ര ലഘൂകരണത്തിൽ നിർണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും

2009 ഒക്ടോബർ 2-ാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

**പഞ്ചായത്തിനെ കുറിച്ചുള്ള വിവരങ്ങൾ**

കോഴിക്കോട് ജില്ലയിൽ പന്തലായനി ബ്ലോക്കിൽ ഉൾപ്പെടുന്ന ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്, 13.60 ച.കി.മീറ്ററിൽ വ്യാപിച്ചു കിടക്കുന്നു. വടക്ക് കൊയിലാണ്ടി മുൻസിപാലിറ്റിയും തെക്ക് ചേമഞ്ചേരി പഞ്ചായത്തും കിഴക്ക് ഉള്ളൂർ പുഴയും പടിഞ്ഞാറു അറബികടലുമായിട്ടാണ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നതു .

വിദ്യാഭ്യാസ-സാംസ്കാരിക ആരോഗ്യരംഗത്ത് ചെങ്ങോട്ടുകാവ് പഞ്ചായത്ത് മികച്ച നിലവാരം പുലർത്തുന്നു. 20894(ICDS2015) വോട്ടർമാരുള്ള പഞ്ചായത്തിൽ 9745 പുരുഷന്മാരും11139 സ്ത്രീകളും ഉൾപ്പെടുന്നു. ആകെ 17 വാർഡുകളുള്ള പഞ്ചായത്തിലെ നിലവിലെ പ്രസിഡണ്ട് ശ്രീ കരുണാകരൻ കൂമുള്ളി ആണ്.

വികസന രംഗത്ത് സന്നദ്ധ പ്രവർത്തനങ്ങൾക്ക് ജനകീയ ഐക്യം എല്ലാ കാലത്തും ചെങ്ങോട്ടുകവിൽ ദൃശ്യമായിരുന്നു. പരമ്പരഗതമായ കൃഷിയും മൽസ്യ ബന്ധനവുമായിരുന്നു ഇവിടത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗം.17 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് ചെങ്ങോട്ടുകാവ് പഞ്ചായത്ത്. വാർഡുകൾ:അരങ്ങാടത്ത്, ആന്തട്ട, മേലൂർ വെസ്റ്റ്, മേലൂർ ഈസ്റ്റ്, എളാട്ടേരി നോർത്ത്, എളാട്ടേരി സൗത്ത്, ചേലിയ ടൗൺ , ചേലിയ ഈസ്റ്റ്,ചേലിയ സൗത്ത്, കലോപ്പൊയിൽ, ഞാണംപ്പൊയിൽ, എടക്കുളം സെന്റർ, പൊയിൽകാവ്, മങ്ങാട്, കവലാട്,എടക്കുളം വെസ്റ്റ്, മാടാക്കര എന്നിവയാണ്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായ |
| വില്ലേജ് | ചെങ്ങോട്ടുകാവ് |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| താലൂക്ക് | കൊയിലാണ്ടി |
| അസംബ്ലീമണ്ഡലം | കൊയിലാണ്ടി |
| വിസ്തീർണം | 13.60ചതുരശ്ര കി മി |

**തൊഴുലുറപ്പ് സംബന്ധിച്ച വിവരങ്ങൾ**

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക്തലം | പഞ്ചായത്ത്തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83.05(ലക്ഷം ) | 540456 | 93014 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങൾ | 57.58 | 52.45 | 42.30 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 2578 | 289 |
| ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ | 1.44(ലക്ഷം ) | 9685 | 2199 |
| തൊഴിൽ എടുത്ത തൊഴിലാളികൾ | 1.6(ലക്ഷം ) | 10304 | 2035 |

| | |
|---|---|
| തൊഴിൽ കാർഡ് ഉടമകൾ | 4510 |
| സജീവ തൊഴിലാളികൾ | 3055 |
| നിഷ്ക്രിയ തൊഴിലാളികൾ | 5835 |

**<u>മുഖ്യ ലക്ഷ്യങ്ങൾ</u>**

1.അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ

ഉറപ്പാക്കുന്നതോടൊപ്പം,

2.ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

3.ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

4.സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

5.പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

**സവിശേഷതകൾ**

1.നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.

2.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.

3.സ്ത്രീക്കും പുരുഷനും തുല്യ വേതനം.

4.പരിസ്ഥിതി സംരക്ഷണം കാർഷിക ,മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.

5.തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകഅവസരം പങ്കാളികളാകാനും പ്രക്രിയയിൽ ആസൂത്രണ

6.ആസൂത്രണത്തിലുംസുതാര്യത തികഞ്ഞ നിർവഹണത്തിലും ,

7.കരാറുകാരോ ഇടനിലക്കാരോ ഇല്ല.

9.പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.

10.ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.

11.സ്ത്രീകൾക്ക് മുൻഗണന.

12.കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.

13.ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സംവിധാനം ഓഡിറ്റ് സോഷ്യൽ)

14.പരാതിപരിഹാര സംവിധാനം

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി,കോഴിക്കോട് ജില്ല- ചേളന്നൂർ ബ്ലോക്ക് റിസോഴ്സ് പേഴ്സണാണ് കോഴിക്കോട് ജില്ലയിൽ ചേളന്നൂർബ്ലോക്ക് പഞ്ചായത്തിലെ ചേളന്നൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 1ൽ (ഇച്ചന്നൂർ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് ചേളന്നൂർ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 1ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് . പദ്ധതിയുടെ സുതാര്യതയും ഗുണമേന്മയും ഉറപ്പ് വരുത്താന് സോഷ്യൽ ഓഡിറ്റ് അനിവാര്യമാണ്.

## തൊഴിലാളികൾക്ക് 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേര്ക്കുന്നു.

1. **തൊഴിൽകാർഡ് ലഭിക്കു വാനുള്ളഅവകാശം**.(ഷെഡ്യൂൾ 2; ഖണ്ഡിക 1-5, എ.എം. സി.അദ്ധ്യായം-3 )

ഗ്രാമപഞ്ചായത്തിൽസ്ഥിരതാമസമുള്ളഅവിദഗ്ദ്ധകായികതൊഴിലിന്ചെയ്യുവാൻതയ്യാറായിട്ടുള്ളആളുകള്ഗ്രാമപഞ്ചായത്തിൽപേരുജിസ്റ്റർചെയ്യുക.
ഒരുകുടുംബത്തിൽതൊഴിൽആവശ്യമുള്ളവരുടെമുഴുവൻപേരുവിവരങ്ങൾഉള്പ്പെടുത്തിയാണ്ഇതിനായിഅപേക്ഷനല്കേണ്ടത്. അപേക്ഷയിൽപൂര്ണ്ണവിലാസം,വയസ്സ്,വാർഡുനമ്പർ,റേഷൻകാർഡ്നമ്പർ, ആധാർകാർഡുനമ്പർഎന്നിവചേര്ത്തിരിക്കണം.
അപേക്ഷകർക്ക്പ്രാഥമികാന്വേഷണത്തിനുശേഷംഗ്രാമപഞ്ചായത്ത്സെക്രട്ടറി തൊഴിൽ കാരഡ്അനുവദിച്ച് നൽകും.അപേക്ഷനൽകിയാൽ15ദിവസത്തിനകം തൊഴിൽ കാർഡ് നൽകണം

ഒരുകുടുംബത്തിന്ഒരുതൊഴില്കാര്ഡ്മാത്രമാണ്ലഭിക്കുക.
തൊഴിൽആവശ്യമുള്ളമുഴുവൻകുടുംബാംഗങ്ങളുടേയും
വിവരങ്ങളുംഫോട്ടോയുംതൊഴിൽകാർഡിലുണ്ടായിരിക്കും.
ഒന്നിലധികംതൊഴിൽകാർഡുകൾഒരേയാളുടെപേരിലുണ്ടായിരിക്കുന്നത്ക്രിമിനൽകുറ്റമാണ്.
എന്നാൽമാതാപിതാക്കളെയോസഹോദരങ്ങളെയോമക്കളെയോആശ്രയിച്ചുകഴിയേണ്ടിവരുന്നവിധവകൾ,
ഉപേക്ഷിക്കപ്പെട്ടസ്ത്രീകൾ,
അഗതികൾഎന്നിവർക്ക്പ്രത്യേകംവേറെതൊഴിൽകാർഡുകൾകൊ ടുക്കണമെന്ന്നിര്ദ്ദേശിച്ചിട്ടുണ്ട്.
തൊഴിലാവശ്യമുള്ള മുഴുവൻകുടുംബാംഗങ്ങങ്ങളുടേയും പാസ്സ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോകൾ തൊഴിൽലൽകാർഡിൽ പതിച്ചിരിക്കണം.ഫോട്ടോഎടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ്പദ്ധതിയിൽ ഉള്പ്പെ ടുത്തിഗ്രാമപഞ്ചായത്ത്വഹിക്കും.അഞ്ചുവര്ഷത്തേക്കാണ്ഒരുതൊഴിൽകാർഡ്അനുവദിച്ചുനല്കുന്നത്.
ഒരു കുടുംബംഒരുവർഷംആവശ്യപ്പെട്ടതൊഴിൽദിനങ്ങൾ, അവർക്ക്അനുവദിച്ചതൊഴിൽദിനങ്ങൾ, ലഭിച്ചവേതനം,ഏറ്റെടുത്തപ്രവൃത്തികളുംമസ്റ്റർറോൾനമ്പറുകളും,ലഭിച്ചതൊഴിലില്ലായ്മവേതനം, നഷ്ടപരിഹാരംമുതലായവിവരങ്ങളുംതൊഴിൽകാർഡിൽഅതാത് സമയംഎഴുതിചേർക്കണം.

2. **അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം.** (ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13)

തൊഴിൽകാർഡ്ലഭിച്ചവർതൊഴിൽആവശ്യമുള്ളപ്പോൾപ്രതേക്യം അപേക്ഷ നൽകണം. നിർദ്ദിഷ്ടഫോറത്തിൽഗ്രാമപഞ്ചായത്തിലാണ്അപേക്ഷനൽകേണ്ടത്.വെള്ളക്കടലാസിലും അപേക്ഷ നൽകാവുന്നതാണ്.2014ലെപുതിയനിർദ്ദേശങ്ങൾപ്രകാരംമൊബൽഫോൺ,ലാൻഡ്ഫോൺ, ഇമെയിൽമാധ്യമങ്ങളിലൂടെയുംതൊഴിൽആവശ്യപ്പെടാവുന്നതാണ്.എഴുത്തുംവായനയും അറിയാത്തവർക്ക്നിർദ്ദിഷ്ടഉദ്യോഗസ്ഥന്റെമുമ്പിൽവാക്കാലും തൊഴിൽആവശ്യപ്പെടാവുന്നതാണ്.

ചുരുങ്ങിയത് രണ്ടാഴ്ചത്തേക്കാണ് തൊഴിൽആവശ്യപ്പെടേണ്ടത്. തൊഴിലിനായിഅപേക്ഷനൽകുമ്പോൾരശീത്കൈപ്പറ്റിയിരിക്കണം.രണ്ടാഴ്ചത്തേയ്ക്കുള്ള(14ദിവസം) പണികളാണ്ഏറ്റവുംചുരുങ്ങിയത്ആവശ്യപ്പെടേണ്ടത്. കൂടുതൽദിവസങ്ങളിലേയ്ക്കുള്ളപ്രവൃത്തികൾമുൻകൂടിഅപേക്ഷിക്കുന്നതിനുംഅനുവാദമുണ്ട്.എന്നുമുതൽ എന്നുവരെയാണ്തൊഴിൽആവശ്യമുള്ളതെന്ന്അപേക്ഷയിൽവ്യക്തമാക്കണം. അപേക്ഷിച്ചതീയതിമുതല്ക്കോഅപേക്ഷലഭിച്ച്പരമാവധി15 ദിവസങ്ങൾക്കുള്ളിലോതൊഴിൽലഭ്യമാക്കിയിരിക്കണം.പരമാവധി100 ദിവസത്തെതൊഴിലിനാണ്അപേക്ഷനൽകേണ്ടത്. എന്നാൽവനപ്രദേശത്തുംവനാതിർത്തികളിലുംതാമസിക്കുന്നപട്ടികവർഗ്ഗവിഭാഗങ്ങൾക്ക്150 ദിവസത്തെതൊഴിൽനല്കുന്നതിന്ഇപ്പോൾഅനുവാദംലഭിച്ചിട്ടുണ്ട്.

3. **തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം,** (ആദ്യത്തെ 30 ദിവസംകൂലിയുടെ1/4&പിന്നീടുള്ളദിവസങ്ങളിൽ1/2ഭാഗം)തൊഴിലാവശ്യപ്പെട്ടവർക്ക്15ദിവസത്തിനുള്ളിൽ തൊഴിൽനല്കണമെന്നാണ് വ്യവസ്ഥ . അല്ലാത്തപക്ഷംതൊഴിലില്ലായ്മവേതനംലഭിക്കുന്നതിന്തിയ്യതിരേഖപ്പെടുത്തിയകൈപ്പറ്റുരശീത്ആവശ്യമാണ്. തൊഴിലിന്അപേക്ഷിച്ചിട്ട്15 ദിവസത്തിനകംതൊഴിൽലഭിച്ചില്ലെങ്കിൽ16-ാംമത്തെദിവസംമുതൽആദ്യത്തെ30 ദിവസംനിർദ്ദിഷ്ടവേതനത്തിന്റെനാലിലൊന്നിൽകുറയാത്തതുകയുംപിന്നിട്ടുള്ളദിവസങ്ങളിൽവേതനത്തിന്റെപ കുതിയിൽകുറയാത്തതുകയുമാണ്തൊഴിലില്ലായ്മ വേതനമായിലഭിക്കുക. സംസ്ഥാനസർക്കാരാണ്തൊഴിലില്ലായ്മവേതനംനല്കേണ്ടത്. എന്നാൽപിന്നീട്ഈതുകതൊഴിൽനൽകുന്നതിൽവീഴ്ചവരുത്തിയവരിൽനിന്നുംഈടാക്കണമെന്നാണ്വ്യവസ്ഥ. തൊഴിൽഅനുവദിച്ചുനൽകിയഅന്നുമുതൽക്കോ, നൂറുദിവസത്തെവേതനത്തിന്തുല്യമായതുകതൊഴിലില്ലായ്മവേതനമായോലഭിക്കുന്നദിവസമോതൊഴിലില്ലായ്മ വേതനത്തിനുള്ളഅർഹതനഷ്ടമാകും.വേതനമായുംതൊഴിലില്ലായ്മവേതനമായും ഒരാൾക്ക്പരമാവധി100 ദിവസത്തെവേതനത്തിന്തുല്യമായതുകയെലഭിക്കുവാൻഅർഹതയുള്ളു.

**4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം,**

ഒരുഗ്രാമപഞ്ചായത്തിന്റെഷെൽഫ്ഓഫ്പ്രൊജക്ട്എന്നുപറയുന്നത് എസ്റ്റിമേറ്റുകൾഅടക്കമുള്ളപ്രവൃത്തികളുടെവിശദവിവരങ്ങളാണ്.ഇതുനടപ്പുസാമ്പത്തികവർഷത്തിന് തലേവർഷംഫെബ്രുവരിമാസത്തോടെ പൂർത്തീകരിച്ചിരിക്കണം. ഒരുഗ്രാമപഞ്ചായത്തിന്റെഅംഗീകരിക്കപ്പെട്ടലേബർബഡ്ജറ്റിന്റെഇരട്ടിയിലധികം തുകയ്ക്കുള്ളപ്രവൃത്തികളാണ്ഷെൽഓഫ്പ്രൊജക്ടിൽഉണ്ടാവുക.ഇതിൽഏതുപ്രവൃത്തിവേണമെങ്കിലും കാർഷികകലണ്ടർ,തൊഴിലാവശ്യപ്പെട്ടവരുടെഎണ്ണം,പ്രവൃത്തിനടപ്പിലാക്കുന്നകാലയളവിലെകാലാവസ്ഥ എന്നതിന്റെഅടിസ്ഥാനത്തിൽതിരഞ്ഞെടുക്കാം.

5. **5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം**, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)

അപേക്ഷകരുടെതാമസസ്ഥലത്തിന്5 കിലോമീറ്റർദൂരപരിധിയ്ക്കുള്ളിൽതൊഴിൽനൽകുന്നതിന്മുൻഗണനനല്കണം. 5 കിലോമീറ്റർദൂരപരിധിയ്ക്ക്പുറത്താണ്തൊഴിലെടുക്കുന്നതെങ്കിൽ 10 ശതമാനംഅധികംവേതനത്തിന്തൊഴിലാളികൾക്ക്അവകാശമുണ്ടായിരിക്കും.

6. **കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം**, (ഷെഡ്യൂൾ 2; ഖണ്ഡിക 23-28)

**തൊഴിലിടങ്ങളിലെ സൗകര്യങ്ങ**ൾ

a.തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം നൽകുക.

b. പ്രഥമ ശുശ്രൂഷാകിറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

c. ഭക്ഷണം കഴിക്കുന്നതിനും ഉച്ചയ്ക്ക് 1 മണിക്കൂർ വിശ്രമിക്കുന്നതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണൽ ഒരുക്കുക.

d. അഞ്ച് വയസ്സിൻ താഴെ പ്രായമുള്ള കുട്ടികളുടെയെണ്ണം അഞ്ചിൽ താഴെയാണെങ്കിൽ അവരെ പരിപാലിക്കുക.

7. **15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**

പദ്ധതിയുടെ വേതനം ബാങ്ക്, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ അക്കൗണ്ടിലൂടെയാണ് നൽകുന്നത്.ഓരോ തൊഴിലാളിക്കും പ്രത്യേക അക്കൗണ്ട് വേണം. ഒരോ തൊഴിലാളികളുടെയും വേതനം അവരവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തന്നതിനാണ് ഇങ്ങനെ നിഷ്ക്കർഷിച്ചിട്ടുള്ളത്.സ്ത്രീ തൊഴിലാളികളുടെ വേതനത്തിന് മേലുള്ള നിയന്ത്രണം അവർക്കു തന്നെയായിരിക്കണമെന്ന ഒരു ലക്ഷ്യവും ഈ വ്യവസ്ഥയ്ക്ക് പിന്നിലുണ്ട്. തൊഴിലാളികളുടെ ആധാർ നമ്പർകൂടി തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയാൽ ആൾമാറാട്ടം, ഇരട്ടിപ്പ് എന്നിവ മുഖേനയുള്ള പ്രശ്നങ്ങൾ കൂടി ഒഴിവാക്കുവാൻ സാധ്യമാകും.

**8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം,**

മസ്റ്റർറോൾ അവസാനിച്ച് 15 ദിവസത്തിനകം വേതനം ലഭിച്ചിരിക്കണം. ഇങ്ങനെ ലഭിക്കാതെ വന്നാൽ പതിനാറാമത്തെ ദിവസം മുതൽ ലഭിക്കാനുള്ള വേതനത്തിന്റെ 0.05 ശതമാനം തുക ഓരോ ദിവസവും നഷ്ടപരിഹാരമായി ലഭിക്കുമെന്നാണ് 2014 - ലെ പുതുക്കിയ ഷെഡ്യൂൾ 2 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ തുക തൽക്കാലം സർക്കാർ വഹിക്കുമെങ്കിലും പിന്നീട് വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിന്റെ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കണമെന്നാണ് വ്യവസ്ഥ. മനപൂർവ്വമോ അലംഭാവം മൂലമോ പാവപ്പെട്ടവരായ കൂലിത്തൊഴിലാളികളുടെ വേതനം മുടങ്ങുകയോ വൈകുകയോ ചെയ്യുന്നത്

ഒഴിവാക്കുന്നതിനാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്.അളവുകൾ രേഖപ്പെടുത്തേണ്ട ഓവർസിയർ, മേലളവുകൾ എടുക്കേണ്ട അക്രഡിറ്റഡ് എഞ്ചിനീയർ, ഡാറ്റ എൻട്രി നടത്തി വേജ് ലിസ്റ്റ് തയ്യാറാക്കേണ്ട ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഒപ്പിട്ട് അയക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട് എന്നിവർ നിർദ്ദിഷ്ട ദിവസങ്ങൾക്കുള്ളിൽ അവ നടത്തുന്നുവെന്നും പൂർത്തികരിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

**9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം,**

തൊഴിലുറപ്പ്നിയമം സെക്ഷൻ19, ഷെഡ്യൂൾ 2 para 35, കേന്ദ്രവാർഷിക സർക്കുലർ ചാപ്റ്റർ 10.4 എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിനുള്ള അവകാശം അനുശാസിക്കുന്നു. തൊഴിലുറപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖപരമായോ, വാക്കാലോ, ഫോൺ മുഖാന്തിരമോ നിർവഹണ ഉദ്യോഗസ്ഥരെ അറിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരാതിയിൻമേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

**10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.**

ഒരു പ്രവൃത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ആഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ആഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ആഡിറ്റ്. സോഷ്യൽ ആഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തുനോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ആഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ആഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.

**അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങൾ**

## തൊഴിൽ കാർഡ്

ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസമുള്ള അവിദഗ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാറായിട്ടുള്ള ഒരു കുടുംബത്തിലെ മുഴുവൻ പേരുടെയും പേര് ഉൾപ്പെടുത്തിയാണ് തൊഴിൽ കാർഡിന് അപേക്ഷിക്കുക അപേക്ഷിച്ച് കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ തികച്ചും സൗജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കണം. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ സന്ദർശിച്ച തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചത് പദ്ധതിയുടെ പ്രാരംഭഘട്ടത്തില് തൊഴിൽകാർഡ് സൗജന്യമായി ലഭ്യമായിരുന്നു എന്നാൽ നിലവിൽ കാർഡ്

പുതുക്കുന്നതിനായി,എല്ലാവരും ആവശ്യമായ ഫോട്ടോ സ്വന്തമായി പൈസ ചിലവഴിച്ചാണ് എടുത്തിട്ടുള്ളത് ഒരാൾ 40 രൂപ എന്ന നിലയിൽ 58 തൊഴിൽ കാർഡുകളാണ് പുതുക്കിയിട്ടുള്ളത് ആയതിനാൽ തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന് തന്നെ എടുത്ത് കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും. അല്ലാത്ത പക്ഷം ഇത് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ II സെക്ഷൻ I ന്റെ ലംഘനമാണ്.ഫോട്ടോ തൊഴിലാളികൾ നൽകുമ്പോൾ ഫോട്ടോക്കുള്ള ചെലവ് വഹിക്കുന്നത് തൊഴിലാളികളാണ്.

**പ്രസ്തുത വാർഡിൽ തൊഴിൽ കാർഡ് പുതുക്കാനായി ഓരോ തൊഴിലാളിക്കും ചെലവായ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| **തൊഴിലാളിയുടെ പേര്** | **തൊഴിൽ കാർഡ് നമ്പർ** | **ചെലവായ തുക** |
|---|---|---|
| ബീന | 07/713 | 40 രൂപ |
| റീജ | 07/495 | 40 രൂപ |
| ദേവി | 07/563 | 40 രൂപ |
| സുനില | 07/483 | 40 രൂപ |
| നാരായണി | 07/488 | 40 രൂപ |
| വെളുമ്പ | 07/478 | 40 രൂപ |
| സ്മിത | 07/478 | 40 രൂപ |
| ശോഭന | 07/493 | 40 രൂപ |
| പ്രസീത | 07/491 | 40 രൂപ |
| അഷിത | 07/492 | 40 രൂപ |
| വത്സല | 07/542 | 40 രൂപ |
| ഗീത | 07/489 | 40 രൂപ |
| രമ | 07/444 | 40 രൂപ |
| ലീല | 07/438 | 40 രൂപ |
| രേണുക | 07/454 | 40 രൂപ |
| ദേവി | 07/459 | 40 രൂപ |
| ഷൈലജ | 07/461 | 40 രൂപ |
| ശാന്ത | 07/462 | 40 രൂപ |

| | | |
|---|---|---|
| രാധ | 07/463 | 40 രൂപ |
| ശാന്ത | 07/464 | 80 രൂപ |
| മാധവി | 07/465 | 40 രൂപ |
| സരോജിനി | 07/467 | 40 രൂപ |
| ഷിജില | 07/468 | 40 രൂപ |
| ലീല | 07/468 | 40 രൂപ |
| പ്രേമ | 07/479 | 40 രൂപ |
| മീനാക്ഷി | 07/481 | 40 രൂപ |
| ദേവി | 07/482 | 40 രൂപ |
| അനിത | 07/483 | 40 രൂപ |
| സാവിത്രി | 07/484 | 40 രൂപ |
| മാധവി | 07/494 | 40 രൂപ |
| സുലോചന | 07/496 | 40 രൂപ |
| രജിത | 07/501 | 40 രൂപ |
| മിനി | 07/507 | 40 രൂപ |
| ലീല | 07/508 | 40 രൂപ |
| മാധവി | 07/510 | 40 രൂപ |
| കുഞ്ഞി പെണ്ണ് | 07/512 | 40 രൂപ |
| രാധ | 07/513 | 40 രൂപ |
| അജിത | 07/517 | 40 രൂപ |
| സുധ | 07/519 | 40 രൂപ |
| വത്സല | 07/523 | 40 രൂപ |
| സുമതി | 07/526 | 40 രൂപ |
| രാധ | 07/534 | 40 രൂപ |

| | | |
|---|---|---|
| പുഷ്പ | 07/539 | 40 രൂപ |
| ദേവി | 07/546 | 40 രൂപ |
| സിന്ധു | 07/555 | 40 രൂപ |
| ജാനകി അമ്മ | 07/556 | 40 രൂപ |
| റീജ | 07/583 | 40 രൂപ |
| ദേവി | 07/585 | 40 രൂപ |
| മാധവി | 07/600 | 40 രൂപ |
| സരസു | 07/601 | 40 രൂപ |
| ദേവകി അമ്മ | 07/609 | 40 രൂപ |
| ശ്രീജ | 07/630 | 40 രൂപ |
| ഫാത്തിമ | 07/631 | 40 രൂപ |
| ലക്ഷ്മി | 07/682 | 40 രൂപ |
| ഷൈജ | 07/741 | 40 രൂപ |
| സരോജിനി | 07/743 | 40 രൂപ |
| അജിത | 07/523 | 40 രൂപ |

**തൊഴിലിനുള്ള അപേക്ഷ**

തൊഴിലിനുള്ള അപേക്ഷ തൊഴിലാളികൾ വ്യക്തികതമായും ഗ്രൂപ്പായും നൽകാറുണ്ട് എന്നാണ് മനസിലാക്കാൻ സാധിച്ചത്.

**തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം**

പ്രസ്തുത വാർഡിൽ ഇതുവരെ ആരും തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ല ആയതിനാൽ അപേക്ഷിച്ചു15 ദിവസത്തിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കാറുണ്ട് എന്ന നിഗമനത്തിൽ എത്തിചേർന്നു.

**15 ദിവസത്തിനുള്ളിൽ കൂലി അല്ലെങ്കിൽ നഷ്ടപരിഹാരം ലഭ്യമാവുന്നതിനുള്ള അവകാശം**

പ്രവർത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ കൂലി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികൾക്ക് കൃത്യ സമയത്ത് കൂലി ലഭ്യമായിട്ടില്ല. നഷ്ടപരിഹാരം നൽകിയതായും കാണാൻ കഴിഞ്ഞിട്ടില്ല.ഇത് തൊഴിലുറപ്പ് നിയമം സെക്ഷൻ 3(2),6,,schedule 2(29)

,a,b,c,d,e,f,30,ന്റെ ലംഘനമാണ്.

**തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിയ്ക്കുവാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം, ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 para 23-28, കേന്ദ്ര വാർഷിക മാസ്റ്റർ സര്ക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവൃത്തിസ്ഥലങ്ങളിൽ എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്നുണ്ടെന്ന് മനസിലാക്കാൻ സാധിച്ചു. പ്രഥമ ശുശ്രൂഷ കിറ്റുകൾ,തണൽ കുടിവെള്ള സൗകര്യംഎന്നിവ തൊഴിലിടങ്ങളിൽ തന്നെ ഉണ്ടായിരുന്നു. അതിനായുള്ള ചിലവ് തൊഴിലാളികൾ കയ്യിൽ നിന്നും എടുത്ത് ബില്ല് പഞ്ചായത്തിൽ കൊടുത്ത് ഫണ്ട് വാങ്ങിക്കാറാണ് പതിവ്.

**ചികിത്സാസഹായം**

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 para 5, കേന്ദ്ര വാര്ഷിക സര്ക്കുലർ ചാപ്റ്റർ 9 പ്രകാരവും തൊഴിലാളിക്ക് തൊഴിലിടത്തിൽ വെച്ച് അപകടം സംഭവിച്ചാൽ ചികിത്സാസൌകര്യം ഉറപ്പ് വരുത്തേണ്ടതാണ്. ചികിതിസാ സഹായം തൊഴിലാളികൾക്ക് നല്കാതിരിക്കുന്നത് നിയമ ലംഘനമാണ്. ഇത്തരം സാഹചര്യങ്ങളിൽ പഞ്ചായത്ത് കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവൃത്തിസ്ഥലങ്ങളിൽ ആർക്കും അപകടങ്ങളൊന്നും സംഭവിച്ചതായി അറിയാൻ സാധിച്ചിട്ടില്ല.

**ഷെല്ഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം**

ഷെല്ഫ് ഓഫ് പ്രോജെക്റ്റിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട് എന്ന മനസിലാക്കാൻ സാധിച്ചു.

**5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം ഷെഡ്യൂൾ 2 para 18, കേന്ദ്രവാർഷികസർക്കുലർ ചാപ്റ്റർ 17 എന്നിവയിൽ തൊഴിലാളികൾക്ക് 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭ്യമാകണം എന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും 5 കിലോമീറ്ററിനുള്ളിൽതന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികളിൽ നിന്ന്അറിയുവാൻ സാധിച്ചു.

**സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം**

2018-2019 പരാതികൾ രേഖപ്പെടുത്തുന്ന പരാതിരജിസ്റ്ററിൽ മൊത്തം 14 പരാതികളാണ് കാണാൻ കഴിഞ്ഞത് അതിൽ 2018 ഒക്ടോബർ 1 നും 2019 മാർച് 31 നും ഉള്ളിലുള്ള 3 പരാതികളാണ് കാണാൻ കഴിഞ്ഞത് വാർഡ് 7 ന്റെ പരാതികളൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ നിലവിൽ പരാതികൾ ഒന്നും തന്നെ ഇല്ല എന്ന നിഗമനത്തിൽ എത്തി.

**സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം സെക്ഷൻ 17(2) സോഷ്യൽ ഓഡിറ്റ്നടത്തുവാനുള്ള അവകാശം നൽകുന്നു. പ്രസ്തുത വാർഡിൽ ഓഡിറ്റ്നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ടെന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. കമ്മിറ്റി അംഗങ്ങൾ ഫീൽഡ് പരിശോധന നടത്താറുണ്ട് എന്നാണ് അറിയുവാൻ സാധിച്ചത്.

**പ്രവൃത്തി വിശദാംശങ്ങൾ വാർഡ് 7 (ചേലിയ ടൗൺ)**

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് വാർഡ് **7 (ചേലിയ ടൗൺ)** ലെ 01.10.2018 മുതൽ 31.03.2019 വരെയുള്ള 4 പ്രവൃത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഈ കാലയളവിൽ നടത്തിയ 4 പ്രവൃത്തികൾക്കായി 3057 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. അവിദഗ്ദ്ധ വേതന ഇനത്തിൽ 828447/- രൂപയും പണിയായുധ വാടക ഇനത്തിൽ 3196/- രൂപയും പ്രവൃത്തികൾക്ക് വേണ്ടി ചിലവഴിച്ചിട്ടുണ്ട്.

**പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

**1.1604008004/wc/293366വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 1**

**2.1604008004/wc/293367 വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 2**

**3.1604008004/ wc/293314 വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 3**

**4.1604008004/LD/230262 വിഭാഗം ബി തരിശ്ശുഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കൽ**

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ സ്ഥിതി | അടങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനങ്ങൾ | | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|---|---|
| | | | | | അവിദഗ്ധ | അർദ്ധ വിദഗ്ധ | | | |
| 1. | 1604008004/ Wc/293366 | വിഭാഗം എ നീർത്തടാധിഷ്ഠിത ഭൂമിയിലെ | പൂർത്തീകരിച്ചു | 167000/- | 482 | 0 | 476 | 128996 /- | 2700 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | മണ്ണ് ജല സംരക്ഷണ പ്രവൃത്തി ഘട്ടം1 | | | | | | | |
| 2. | 1604008004/ wc/293367 | വിഭാഗം എ നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി ഘട്ടം2 | പൂർത്തീകരിച്ചു | 167000/- | 582 | 0 | 482 | 130622 /- | 2700 |
| 3. | 1604008004/ wc/293314 | വിഭാഗം എ നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി ഘട്ടം3 | പൂർത്തീകരിച്ചു | 207500/- | 731 | 0 | 731 | 198101 /- | 2800 |
| 4. | 1604008004/ LD/230262 | വിഭാഗം ബി തരിശ്ശുഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കൽ | പൂർത്തീകരിച്ചു | 380500/- | 1924 | 0 | 1368 | 370728 /- | 2700 |

**1.1604008004/wc/293366വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 1**

പ്രവൃത്തി 08.01.2019 ന് ആരംഭിച്ചു 07.02.2019 ന് അവസാനിച്ചു.സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു. എസ്റ്റിമേറ്റ് പ്രകാരം 1052 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 167000 രൂപ നിശ്ചയിക്കപ്പെട്ട പ്രവർത്തിയ്ക്കായി, 476 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 128996/-രൂപ അവിദഗ്ധ വേതനതിലും 2700 രൂപ മെറ്റിരിയൽ ഇനത്തിലുമായി ആകെ 131696/- രൂപ ചിലവഴിച്ചിട്ടുണ്ട്.

**2.വിഭാഗം എ നീർത്തടാതിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ- മണ്ണ് കയ്യാല നിർമ്മാണം ഘട്ട2 വാർഡ്7- 1604008004/wc/293367**

പ്രവൃത്തി 08.01.2019 ൽ ആരംഭിച്ച് 21.01.2019 ൽ അവസാനിച്ചു. എസ്റ്റിമേറ്റ് പ്രകാരം 582 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 167000 രൂപ നിശ്ചയിക്കപ്പെട്ട പ്രവർത്തിയ്ക്കായി, 482 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 130622 രൂപ അവിദഗ്ധ വേതന ഇനത്തിലും 2700 രൂപ മെറ്റിരിയലിനത്തിലുമായി ആകെ 133322 രൂപ ചിലവഴിച്ചിട്ടുണ്ട്. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു.

**3.1604008004/ wc/293314 വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 3**

പ്രവൃത്തി 18.09.2018 ന് ആരംഭിച്ചു 13.10.2018 ന് അവസാനിച്ചു.സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് കാണുവാൻ സാധിച്ചിട്ടില്ല.എസ്റ്റിമേറ്റ് പ്രകാരം 1260 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 27500 രൂപ നിശ്ചയിക്കപ്പെട്ട പ്രവർത്തിയ്ക്കായി, 731 തൊഴിൽ ദിനങ്ങളിലായി 198101/-രൂപ അവിദഗ്ധ വേതനതിലും 2800 രൂപ മെറ്റിരിയൽ ഇനത്തിലുമായി ആകെ 200901/- രൂപ ചിലവഴിച്ചിട്ടുണ്ട്.

**4.1604008004/LD/230262 വിഭാഗം ബി തരിശ്ശുഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കൽ**

പ്രവൃത്തി 03.12.2018 ന് ആരംഭിച്ചു 31.12.2018 ന് അവസാനിച്ചു.സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് കാണുവാൻ സാധിച്ചിട്ടുണ്ട് .എസ്റ്റിമേറ്റ് പ്രകാരം 1924 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 380500 രൂപ നിശ്ചയിക്കപ്പെട്ട പ്രവർത്തിയ്ക്കായി, 1368 അവിദഗ്ധ തൊഴിൽ ദിനങ്ങളിലായി 370728/-രൂപ അവിദഗ്ധ വേതനതിലും 2700 രൂപ മെറ്റിരിയൽ ഇനത്തിലുമായി ആകെ 373,428/- രൂപ ചിലവഴിച്ചിട്ടുണ്ട്.

**7 രജിസ്റ്റർ പരിശോധന**

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

**1) തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ**

വാർഡ് 15 ൽ 2018-19 കാലയളവിൽ 160 പേർ തൊഴിലിനുള്ള അപേക്ഷ നൽകിയതായി തൊഴിൽ കാർഡ് രജിസ്റ്ററിൽ കാണാൻ സാധിച്ചു.

**2) ഗ്രാമസഭ രജിസ്റ്റര്**

**3) തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**

**4)** പ്രവൃ**ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ**

**5) സ്ഥിര ആസ്തികളുടെ രജിസ്റ്റര്**

**6) പരാതി രജിസ്റ്റർ**

2018-19 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ എം ഐ സിൽ നിന്നും ശേഖരിച്ച് സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററിൽ പ്രസ്തുത പ്രവര്ത്തികളെ കുറിച്ചുള്ള പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കണ്ടെത്തിയില്ല. പൊതുവായ പരാതികൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.അതിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എടുത്ത തീരുമാനങ്ങളുടെ പകർപ്പും ഉള്‍ക്കൊള്ളിച്ചിട്ടുണ്ട്.

**7) മെറ്റീരിയൽ രജിസ്റ്റർ**.

സാധന ഘടകം ഉപയോഗിച്ചുള്ള വാർഡ് 15 ലെ പ്രവൃത്തിയായ Rc/275300 അഴിയിൽ പുതുക്കുടി കോണ്ക്രീറ്റ് റോഡിന്റെ വിവരങ്ങളൊന്നും മെറ്റീരിയൽ രജിസ്റ്ററിൽ കാണാൻ സാധിച്ചില്ല.

**കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനുംഅടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി

11) മെഷർമെന്റ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലേ ഓർഡറിന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻറെ കോപ്പി

22) സൈറ്റ് ഡയറി

**കണ്ടെത്തലുകൾ**

ഫയൽ പരിശോധനക്കിടയിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ താഴെ ചേർക്കുന്നു;

**1. കവർ പേജ് :** പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾകൊള്ളുന്ന രേഖയാണ് കവർ പേജ്. പരിശോധിച്ച ഫയലുകളിലൊന്നും എ എം സി പ്രകാരമുള്ള കവർ പേജ് കാണുവാൻ സാധിച്ചില്ല.

**2. ചെക്ക് ലിസ്റ്റ് :** ഒരു പ്രവർത്തിഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ /ഏത് പേജ് മുതൽ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ wc/ 293314 എന്ന ഫയലിൽ മാത്രമേ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നുള്ളൂ എന്നാൽ മറ്റ് ഫയലുകളിലൊന്നും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

**3. ആക്ഷൻ പ്ലാൻ :** പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. പരിശോധിച്ച ഫയലുകളിൽ wc/293314 എന്ന പ്രവൃത്തി ഫയലിൽ മാത്രമേ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുനുള്ളു. മറ്റു ഫയലുകളിലൊന്നും ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

**4.ഭരണാനുമതി :** പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി.

പരിശോധിച്ച പ്രവർത്തിഫയലുകളിൽ wc293366,wc293367,LD330262എന്നീ പ്രവൃത്തി ഫയലുകളിൽ ഭരണാനുമതി ഉണ്ടായിരുന്നില്ല .എന്നാൽ wc293314 ഫയലിൽ സെക്യൂറിൽ നിന്നുള്ള ഭരണാനുമതി യുടെ കോപ്പി ഉണ്ടായിരുന്നു.

**5.സാങ്കേതികാനുമതി :** ഒരു പ്രവർത്തിക്ക് സാങ്കേതിക വിധക്തരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി രേഖ. പരിശോധിച്ച ഫയലുകളിലെല്ലാം സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു. അതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ഉണ്ടായിരുന്നു.

എസ്റ്റിമേറ്റ് റിപ്പോർട്ടിനകത്ത് പ്രവർത്തിയുടെ ഗുണ ഫലങ്ങൾ കൂടി ഉൾപ്പെടുത്തണം. ഡ്രോയിങ് ആൻഡ് ഡിസൈൻ, സർവ്വേ ഡാറ്റാ എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല. കൂടാതെ എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ അല്ലായിരുന്നു.

**6. സംയോജിത പദ്ധതി :** വാർഡിൽ നടന്ന 4 പ്രവർത്തികളിൽ LD/230262എന്ന പ്രവൃത്തി സംയോജിത പദ്ധതി പ്രകാരം ഉള്ളതായിരുന്നു, എന്നാൽ കൃഷി വകുപ്പുമായി സംയോജിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ കാണുവാൻ സാധിച്ചില്ല. തരിശ്ശുഭൂമിയാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും ഫയലിൽ കാണാൻ സാധിച്ചില്ല.

**7. തൊഴിലിനുള്ള അപേക്ഷ :** തൊഴിലിന് അപേക്ഷിക്കുമ്പോൾ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ,ഒപ്പ്,അപേക്ഷിക്കുന്ന തീയതി,എത്ര ദിവസത്തേക്കാണ് തൊഴിൽ ആവശ്യപ്പെടുന്നത് എന്നെല്ലാം അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിൽ നൽകുമ്പോൾ പഞ്ചായത്തിൽ നിന്നും നിർബന്ധമായും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിലെല്ലാം തൊഴിലിനുള്ള ഗ്രൂപ്പായിട്ടുള്ള അപേക്ഷ കാണുവാൻ സാധിച്ചു കൂടാതെ പ്രസ്തുത വാർഡിന്റെ തൊഴിലിനുള്ള വ്യക്തിഗതമായ അപേക്ഷ മറ്റൊരു ഫയലിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.

**8. തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ് :** തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പരിശോധിച്ച പ്രവർത്തി ഫയലുകളിൽ തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ് മസ്റ്റർറോലിനുള്ള അപേക്ഷ എന്ന രീതിയിലാണ് കാണുവാൻ സാധിച്ചത്.

**9. മസ്റ്റർ റോൾ :** പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പരിശോധിച്ച പ്രവൃത്തി ഫയലുകളിൽ മസ്റ്റർ റോളുകളിൽ മെഷർമെന്റ് ബുക്ക് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും പദവിയും രേഖപ്പെടുത്തിയിരുന്നു.Wc/293314 എന്ന വർക്ക് ഫയലിൽ മസ്റ്റർ റോൾ നമ്പർ 7413,7420,7423,9216,9217 എന്നിവയിലും LD 230262 എന്ന വർക്ക് ഫയലിൽ മസ്റ്റർ റോൾ നമ്പർ: 14959, 14953,14955,14956,14959,16222,16224,16225,16226,16227,16228,16318,16319എന്നിവയിലും wc 293366 എന്ന വർക്ക് ഫയലിൽ മസ്റ്റർ റോൾ നമ്പർ: 18169,18170,18171,19606,19607എന്നിവയിലും വെട്ടിത്തിരുത്തലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

**10. മെഷർമെൻറ് ബുക്ക് :** പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച പ്രവർത്തികളുടെ ഫയലുകളിൽ മെഷർമെൻറ് ബുക്ക് കാണാൻ കഴിഞ്ഞു. എന്നാൽ ,പ്രീ മെഷർമെന്റ്,മെഷർമെന്റ് ,ചെക്ക് മെഷർമെന്റ് എന്നിവ വേർതിരിക്കാനാവാത്ത നിലയിലായിരുന്നു കൂടാതെ മെഷർമെൻറ് ബുക്കിൽ വർക്ക് കോഡ്, മസ്റ്റർ റോൾ നമ്പർ എന്നിവയും കാണാൻ സാധിച്ചില്ല.

**11. സാധനഘടകം :** സിറ്റിസൺ ഇൻഫർമേഷൻ ബോർഡുമായി ബന്ധപ്പെട്ട തുക മെറ്റീരിയൽ ഇനത്തിൽ ഉൾപ്പെടുത്തിയാണ് നൽകിയിരിക്കുന്നത്.

**12. വേജ് ലിസ്റ്റ് :** മസ്റ്റർ റോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കിയാണ് വേതന വിതരണത്തിനുള്ള വേജ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത് ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ചുമതലയാണ്. ഒരു മസ്റ്റർ റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിച്ചിരിക്കണം. മസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചുവെന്ന് തെളിയിക്കുവാനുള്ള ആധികാരിക രേഖയാണ് ഇത്. പരിശോധിച്ച ഫയലുകളിൽ wc/293314എന്ന പ്രവൃത്തി യുടെ ഫയലിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു, മറ്റു ഫയലുകളിൽ ഒന്നും വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

**13. എഫ് ടി ഒ :** ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് രേഖപ്പെടുത്തുന്നതാണ് എഫ് ടി ഒ. പരിശോധിച്ച wc/293314എന്ന പ്രവൃത്തി യുടെ ഫയലിൽ എഫ് ടി ഒ ഉണ്ടായിരുന്നു, മറ്റു ഫയലുകളിൽ ഒന്നും എഫ് ടി ഒ ഉണ്ടായിരുന്നില്ല.

**14. മെറ്റീരിയൽ വൗച്ചർ :** ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി ക്രമണങ്ങൾ പ്രതിബാധിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ ബിൽ. പരിശോധിച്ച ഫയലുകളിലെല്ലാം മെറ്റീരിയൽ വൗച്ചർ ഉണ്ടായിരുന്നു.

**15. റോയലിറ്റി :** റോയലിറ്റി നൽകിയ പ്രവർത്തിയാണോ എന്നറിയുവാൻ സഹായിക്കുന്ന രേഖയാണ് റോയലിറ്റി രേഖ. പ്രവൃത്തികളിലൊന്നും റോയൽറ്റി ഉള്ളവയായിരുന്നില്ല.

**16. ഫോട്ടോ** : പ്രവർത്തിയുടെ ആരംഭം, നടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം എന്നീ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലിലുകളിൽ wc/293314എന്ന പ്രവൃത്തി ഫയലിൽ ഫോട്ടോ ഉണ്ടായിരുന്നു എന്നാൽ പ്രവൃത്തയുടെ രണ്ടു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ മാത്രമാണ് കാണാൻ സാധിച്ചത് .പരിശോധിച്ച മറ്റു ഫയലുകളിലൊന്നും ഫോട്ടോ കാണുവാൻ സാധിച്ചിട്ടില്ല.

**17. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം :** പരിശോധിച്ച ഫയലുകളിലെല്ലാം പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**18. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് :** ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലെയും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്കു വേതനം നൽകുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ രീതിയിൽ നടന്നുവെന്ന് മനസിലാക്കാനുള്ള രേഖ. പരിശോധിച്ച ഫയലുകളിലെല്ലാം മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു.

**19. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോസ് :** പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകം. പരിശോധിച്ച ഫയലുകളിൽ ഒന്നും ജിയോ ടാഗഡ് ഫോട്ടോ ഉണ്ടായിരുന്നില്ല.

**20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി :** ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചിലവഴിച്ചത് ശരിയായ രീതിയിൽ ആണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടോ, പ്രതീക്ഷിച്ച നേട്ടം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. പരിശോധിച്ച ഫയലുകളിൽ ഒന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി ഉണ്ടായിരുന്നില്ല

**21. സൈറ്റ് ഡയറി :** തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്ന രേഖയാണിത്. പ്രവൃത്തി സ്ഥലം സന്ദർശിക്കുന്ന പൊതി പ്രവർത്തകരും സാധാരണക്കാരും ഉദ്യോഗസ്ഥരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും സൈറ്റ് ഡിയറിയിൽ രേഖപ്പെടുത്തേണ്ടതാണ്. പണിയായുധ വിവരങ്ങളും ജാഗ്രത സമിതിയുടെ റിപ്പോർട്ടും സൈറ്റ് ഡിയറിയിൽ എഴുതണം. പരിശോധിച്ച ഫയലുകളിലെല്ലാം സൈറ്റ് ഡയറി ഉണ്ടായിരുന്നു എന്നാൽ wc 293367 എന്ന പ്രവൃത്തി ഫയലിൽ തൊഴിലാളികളുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**<u>എസ്റ്റിമേറ്റും പ്രവൃത്തിയുടെ അളവുകളും</u>**

പ്രവർത്തി നടപ്പാക്കുന്നതിനായി എഞ്ചിനീറിങ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണമെന്ന് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്. ഇതിൽ പദ്ധതിയുടെ പേര്, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവർത്തികൾ, അവയുടെ എണ്ണം,നീളം, വീതി, പൊക്കം /ആഴം, ഒരു യൂണിറ്റിന് നൽകേണ്ട തുക, ആകെ തുക എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സാധന സമഗ്രഹികൾ വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം,നൽകുന്ന കൂലി, സി ഐ ബി യുടെ ചിലവ് എന്നിവ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്. വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് ഇംഗ്ലീഷിൽ ഉള്ളതും സാങ്കേതിക ഭാഷയിലുള്ളതും ആണ്. സാധാരണ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരിശോധിക്കുവാൻ കഴിയും വിധം എസ്റ്റിമേറ്റ് ജനകീയ ഭാഷയിലേക്കാക്കി പ്രവർത്തി സമയത്ത് മാറ്റിന്റെ കൈവശം വെയ്ക്കേണ്ടതാണ്. സ്വകാര്യ ഭൂമിയിൽ ചെയ്യുന്ന പ്രവർത്തികളിൽ സ്ഥലം ഉടമയുടെ അപേക്ഷ സമർപ്പിക്കുമ്പോൾ ഭൂമിയുടെ അളവ് രേഖപെടുത്തെണ്ടതാണ്. സാക്ഷിപത്രം സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമിയിൽ ചെയ്ത പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. അളവുകൾ അടിസ്ഥാനപെടുത്തിയാണ് ബില്ലുകൾ പാസാക്കുന്നതും വേദനം നൽകുന്നതും. ആയതിനാൽ അളവുകളുടെയും എണ്ണത്തിന്റെയും കാര്യത്തിൽ ഭാവിയിൽ അങ്ങേയറ്റത്തെ

കൃത്യത സാങ്കേതിക വിഭാഗം ഉറപ്പാകേണ്ടതാണ്. അല്ലാത്തപക്ഷം അളവുകളിൽ വരുന്ന വ്യത്യാസത്തിന്റെ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്.

**<u>സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്</u>**

ഒരു പ്രവർത്തി നടത്തി സ്ഥലം കൃത്യമായി മനസിലാക്കാനും പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പു പദ്ധതിയിൽ അത്യാവശ്യം ആണ്. തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 22(4) ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ 10(6),11,7,13 എന്നിവയിലും സി ഐ ബി യെ കുറിച്ച് പരാമർശിക്കുന്നു. ഓഡിറ്റിങ്ങിന്റെ ഭാഗമായി ഞങ്ങൾ പരിശോധിച്ച ഫയലുകളുടെ ഫീൽഡുകളിൽ **WC 293314** പ്രവൃത്തി ഫയലിന്റെ ഫീൽഡിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല**,**എന്നാൽ മറ്റ് പ്രവൃത്തി ഫയലുകളുടെ ഫീൽഡുകളിലെല്ലാം സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു**.**

**നിർദ്ദേശങ്ങൾ**

**<u>ഉദ്യോഗസ്ഥരോട്</u>**

പ്രവ്യത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. .കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാര്ഗ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

ജനകീയ ഭാഷയിൽ ഉള്ള എസ്റ്റിമേറ്റ് തൊഴിൽസ്ഥലങ്ങളിൽ നല്കുക.

മസ്റ്റർ റോൾ അനുവദിച്ച് നല്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തിയ്യതിയോടു കൂടിയ ഒപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.

ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി, ഷെൽഫ് ഓഫ് പ്രൊജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്തക്കളുടെയും പ്രാദേശിക വിദഗ്ദ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.

കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥക്കനുസരിച്ചുള്ള പ്രവൃത്തികൾ നൽകുക.

പ്രവൃത്തി സ്ഥലങ്ങളിൽ കുടിവെള്ളം, തണൽ, പ്രഥമിക ചികിത്സാ സൌകര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക.

തൊഴിൽ കാർഡിന് ആവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന് എടുത്തു കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സുരക്ഷാസാമഗ്രികള് ആവശ്യമായ പ്രവർത്തികളി.ൽ അവ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ വർക്ക് ഫയലുകളിലും ആന്വൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്ന രേഖകള് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിനോട്**

കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ എന്നിവ നടത്തുക.

കൂടുതൽ പദ്ധതികളും മഴക്കുഴികളും മൺകയ്യാലയും ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്ഥിയുണ്ടാക്കുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.

കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിനു കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ച് സംയോജിത പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.

വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമ്മിച്ച് നൽകുക

ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ദ്ധ/അർദ്ധ വിദഗദ്ധ തൊഴിലാളികളാക്കി മാറ്റുക.

കൃത്യമായി 6 മാസത്തെ ഇടവേളകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ വിളിച്ചുചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**മേറ്റുമാരോട്**

തൊഴിലാളികളുടെ തൊഴിൽ കാർഡിൽ പ്രവർത്തിയെ ക്കുറിച്ചുള്ള വിവരങ്ങളും ഹാജരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷ പഞ്ചായത്തിൽ നൽകുമ്പോള് പറ്റ് ചീട്ട് കൈപ്പറ്റി സൂക്ഷിക്കേണ്ടതാണ്.

സൈറ്റ് ഡയറിയിൽ വിവരങ്ങള് കൃത്യമായി രേഖപ്പെടുത്തേണ്ടതും തൊഴിലിടങ്ങളിൽ സൂക്ഷിക്കേണ്ടതും സന്ദർസകർക്ക് പരിശോധിക്കാൻ നൽകേണ്ടതുമാണ്.

മസ്റ്റർറോളുകളിൽ വെട്ടിതിരുത്തലുകള് വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**തൊഴിലാളികളോട്**

തൊഴിൽ ആവശ്യമുള്ള സമയങ്ങളിൽ തൊഴിലിന് രേഖാ മൂലം ആവശ്യപ്പെടുകയും പറ്റ് ചീട്ട് കൈവശം സൂക്ഷിക്കുകയും ചെയ്യുക.

തൊഴിലിടങ്ങളിൽ തൊഴിൽ കാർഡ് കൈവശം സൂക്ഷിക്കുക.

തൊഴിലിന് സമയക്രമം പാലിക്കുക.

പിആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ പങ്കെടുത്ത് സോഷ്യൽ ഓഡിറ്റ് നടത്താനുള്ള അവകാശം പ്രയോജനപ്പെടുത്തി പദ്ധതിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക.

പരാതി പരിഹാര സംവിധാനം പ്രയോജനപ്പെടുത്തുക.

തൊഴിലിടങ്ങളിലെ അപകടങ്ങള് കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തുക.

മസ്റ്റർ റോളുകളിൽ കൃത്യമായി ഒപ്പ് രേഖപ്പെടുത്തുക.വെട്ടിതിരുത്തലുകള് വരുത്താതിരിക്കാൻ ശ്രദ്ധിക്കുക.

**അനുബന്ധം**

**തൊഴിലുറപ്പ്പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ**

**വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ**

കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (Undergroud dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ(Terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിര്മ്മാണം, പുനരുദ്ധാരണം, മെയിന്റനന്സ് എന്നീ പ്രവൃത്തികളും ;

ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, (ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്);

പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

2.**വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങള്ക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമര്ശിക്കുന്ന കുടുംബങ്ങള്ക്ക് മാത്രം)**

ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക്Scheduled Caste, Scheduled Tribe, Nomadic Tribe, De-Notified Tribe, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ, മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബങ്ങളല്ലാത്ത പക്ഷം,2008-ലെ കാർഷിക കടാശ്വാസ നിയമ പ്രകാരമുള്ള ചെറുകിട-നാമമാത്ര കര്ഷകർ, ഭൂമിയുടെ ഉല്പാദനക്ഷമത വര്ദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (Farm Ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉള്പ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ;

ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ്ഭൂമി/ പാഴ്ഭൂമി (Fallow or Waste Land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സര്ക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിര്മ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിര്മ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും;

മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുള്ള പൊതുകുളങ്ങളിൽ(Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

**3.വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ**

കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post-Harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക്ഷെഡ്ഡുകളുടെ നിർമ്മാണവും.

**4.വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

നിര്ദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങള്ക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസര്ജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

കളിസ്ഥലങ്ങളുടെ നിർമ്മാണവും;

വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (Chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ-ധാന്യ സംഭരണികളുടെ നിർമ്മാണവും;

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

ഇത് സംബന്ധിച്ച് സംസ്ഥാന സര്ക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസര്ക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**1.1604008004/wc/293366വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 1**

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ലീലാവതി കേയകണ്ടി 07/552 | മണ്ണ് കയ്യാല | നീളം.128m<br>വീതി.2m |
| 2. | ശോഭന മീത്തലെ ഒരുവമ്മൽ 07/477 | മണ്ണ് കയ്യാല | നീളം.32.80m<br>വീതി.3m |
| 3. | പ്രജിത ചെറൂക്കാട്ട് 07/573 | മണ്ണ് കയ്യാല | നീളം.176.30m<br>വീതി.2.50m |
| 4. | ബാലകൃഷ്ണൻ തെക്കേ വളപ്പിൽ 07/504 | മണ്ണ് കയ്യാല | നീളം.208.10m<br>വീതി.2.50m |
| 5. | ഷൈലജ ഒരുവമ്മൽ 07/461 | മണ്ണ് കയ്യാല | നീളം.19m<br>വീതി.2m |
| 6. | ദിവാകരൻ കുറ്റിയാർ കണ്ടം കുനി 07/503 | മണ്ണ് കയ്യാല | നീളം.180m<br>വീതി.1.50m |
| 7. | കുഞ്ഞി പെണ്ണ് നീലികുന്നുമ്മൽ 07/512 | മണ്ണ് കയ്യാല | നീളം.23m<br>വീതി.2m |
| 8. | സാജിത മുനവ്വറാസ് പുതിയ പുരയിൽ | മണ്ണ് കയ്യാല | നീളം.213m<br>വീതി.3m |
| 9. | അലീമ വലിയ കുളങ്ങര 07/606 | മണ്ണ് കയ്യാല | നീളം.46.55m<br>വീതി.3m |
| 10. | ശങ്കരൻ നായർ നരിപുനത്തിൽ 07/698 | മണ്ണ് കയ്യാല | നീളം.100m<br>വീതി.3m |
| 11. | മുഹമ്മദ് ചെറിയ എമ്മച്ചംകണ്ടി 07/592 | മണ്ണ് കയ്യാല | നീളം.122.20m<br>വീതി.3m |
| 12. | അബൂബക്കർ വലിയ കുളങ്ങര 07/598 | മണ്ണ് കയ്യാല | നീളം.62.30m<br>വീതി.3m |

**2.വിഭാഗം എ നീർത്തടാതിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ- മണ്ണ് കയ്യാല നിർമ്മാണം ഘട്ട2 വാർഡ7- 1604008004/293367**

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1 | മജീദ് ചെട്ട്യാങ്കണ്ടി | മണ്ണ് കയ്യാല | നീളം: 140m,<br>വീതി: 1.50m |
| 2 | മീനാക്ഷി അമ്മ അശ്വതി | മണ്ണ് കയ്യാല | നീളം: 37m<br>വീതി: 1.30m |
| 3 | സുലോചന തറയ്ക്ക് താഴെ | മണ്ണ് കയ്യാല | നീളം: 127m<br>വീതി: 2 m |
| 4 | ഷൈജു മണ്ണാരങ്കണ്ടി | മണ്ണ് കയ്യാല | നീളം: 84.60m<br>വീതി: 2.50m |
| 5 | സൗദ ബീവി കുറ്റിക്കാട്ടിൽ | മണ്ണ് കയ്യാല | നീളം: 30m<br>വീതി: 60cm |
| 6 | റീജ വലിയാറമ്പത്ത് | മണ്ണ് കയ്യാല | നീളം: 30m<br>വീതി: 3m |
| 7 | ശാന്ത കീഴിപുറത്ത് | മണ്ണ് കയ്യാല | നീളം: 19m<br>വീതി: 3.20m |

**3.1604008004/ wc/293314 വിഭാഗം എ നീർത്തടാ ധിഷ്ടിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മണ്ണ് കയ്യാല നിർമ്മാണം ഘട്ടം 3**

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1. | രാജഗോപാലൻ എടച്ചേരി പൊയിൽ 07/430 | മണ്ണ് കയ്യാല | നീളം.30m<br>വീതി.90cm |
| 2. | ഉഷ കൃഷ്ണ പുല്ലാട്ട് മീത്തൽ 07/643 | മണ്ണ് വരമ്പ്<br>മഴക്കുഴി | നശിച്ച നിലയിൽ<br>3 എണ്ണം |
| 3 | കുഞ്ഞി മൊയ്തീൻ കുട്ടി ആയിഷാസ് 7/439 | മണ്ണ് കയ്യാല<br>മഴക്കുഴി | കാടുപിടിച്ച നിലയിൽ<br>3 എണ്ണം |
| | ഗോവിന്ദൻ നായർ ഏരത്ത് 7/568 | മണ്ണ് വരമ്പ്<br>മഴക്കുഴി | കാടുപിടിച്ച നിലയിൽ<br>8 എണ്ണം |
| | ഗീത കണാരകുട്ടി കൊണ്ടോത്ത് 7/567 | മണ്ണ് കയ്യാല<br>മഴക്കുഴി | കാടുപിടിച്ച നിലയിൽ<br>3 എണ്ണം |
| | അഹമ്മദ് ക്കോയ പറമ്പിൽ 07/615 | മണ്ണ് കയ്യാല | നീളം.49m<br>വീതി.1.50m |
| | വിജയ ലക്ഷ്മി മണലിൽ തൃക്കോവിൽ 07/686 | മണ്ണ് കയ്യാല | നീളം.30.50m<br>വീതി.1m |
| | പ്രിയ ഒരുവമ്മൽ 07/483 | മണ്ണ് കയ്യാല | നീളം.81.30m<br>വീതി.1.60m |
| | ബാലകൃഷ്ണൻ തെക്കേ വളപ്പിൽ 07/504 | മണ്ണ് കയ്യാല | നീളം.60m<br>വീതി.2m |
| | മീനാക്ഷി അമ്മ | മണ്ണ് കയ്യാല | കാടുപിടിച്ച |

| | | | |
|---|---|---|---|
| | ഏറഞ്ഞാടത്ത് 07/475 | | നിലയിൽ ആയതിനാൽ അളക്കാൻ കഴിഞ്ഞില്ല. |

**4.1604008004/LD/230262 വിഭാഗം ബി തരിശ്ശുഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കൽ**

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1 | രാമകൃഷ്ണൻ നെല്ലൂളി | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ കഴിഞ്ഞില്ല. |
| 2 | ജാനകി അമ്മ ചെറുവലത്ത് | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ കഴിഞ്ഞില്ല. |
| 3 | ബാലൻ കാനംകോട് | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ കഴിഞ്ഞില്ല. |
| 4 | ദിവാകരൻ കുനിയിൽ | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ കഴിഞ്ഞില്ല. |
| 5 | ചോയിക്കുട്ടി ഒരുവ കുന്നുമ്മൽ | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ കഴിഞ്ഞില്ല. |
| 6 | വേണു കച്ചേരി | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിന ാൽ അളക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞില്ല. |
| 7 | സുജല കാരടി പറമ്പത്ത് | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിനാൽ അളക്കാൻ കഴിഞ്ഞില്ല. |
| 8 | ലത രാമൻ നയാർ പൊന്മലേരി | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിനാൽ അളക്കാൻ കഴിഞ്ഞില്ല. |
| 9 | പാർവതി അമ്മ കോരം ചത്തൂര് | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിനാൽ അളക്കാൻ കഴിഞ്ഞില്ല. |
| 10 | മജീദ് ചേട്ട്യാങ്കണ്ടി | പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ | വിളവെടുപ്പ് കഴിഞ്ഞതിനാൽ അളക്കാൻ കഴിഞ്ഞില്ല. |

ഗ്രാമസഭ മിനുട്ട്സ്

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 06.12.2019 വെള്ളിയാഴ്ച വൈകുന്നേരം 3.30 ന് ചേലിയ ദേശസേവാ സമിതിയിൽ ചേർന്നു. വാർഡ് മെമ്പർ ശ്രീമതി പ്രിയ സ്വാഗതം പറഞ്ഞതിന് ശേഷം തൊഴിലാളികളുടെ കൂട്ടത്തിലുള്ള ശ്രീമതി ശ്രീജ അദ്ധ്യക്ഷത വഹിച്ചു. വി.ആർ.പി അപർണ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു, എല്ലാവരും അത് ഏറ്റുപറഞ്ഞു. തുടർന്ന് തൊഴിലുറപ്പ് എന്താണെന്നും അതിന്റെ ലക്ഷ്യത്തെ കുറിച്ചും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ കുറിച്ചും തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് നൽകുന്ന 10 അവകാശങ്ങളെ കുറിച്ചും വി.ആർ.പി ഷിദ്യ സംസാരിച്ചു. ശേഷം 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ വാർഡ് 7 ൽ നടത്തിയ 4 പ്രവൃത്തികളെ കുറിച്ചുള്ള സോഷ്യൽ ഓടിറ്റ് റിപ്പോർട്ടും ഫീൽഡ് പരിശോധനയിലൂടെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന തൊഴിലാളികളുടെ 10 അവകാശങ്ങളെ കുറിച്ചു അവരോട് ചോദിച്ചറിഞ്ഞ വിവരങ്ങളും വി.ആർ.പി അപർണ അവതരിപ്പിച്ചു.

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 4 പ്രവൃത്തികൾ:

1.wc 293366 വിഭാഗം എ നീർത്ഥാടതിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി- മൺ കയ്യാല നിർമ്മാണം ഘട്ടം 1

2.wc 293367 വിഭാഗം എ നീർത്ഥാടതിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മൺ കയ്യാല നിർമ്മാണം ഘട്ടം 2

3.wc 293314 വിഭാഗം എ നീർത്ഥാടതിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി-മൺ കയ്യാല നിർമ്മാണം ഘട്ടം 3

4.LD 230262 വിഭാഗം ബി തരിശുഭൂമി കൃഷിക് യോഗ്യമാക്കൽ.

റിപ്പോർട്ടിൽ പ്രവൃത്തികളെകുറിച്ച് വിശദീകരിച്ചതിന് ശേഷം ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകളെ കുറിച്ചു പറഞ്ഞു. വക 293367 എന്ന വർക്ക് ഫയൽ ഒഴികെ മറ്റെല്ലാ വർക്ക് ഫയലിലും മസ്ട്രോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. മേഷർമെന്റ് ബുക്ക്, എസ്റ്റിമേറ്റ്, സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് എന്നിവയെ കുറിച്ച് വിശദീകരിച്ചു. പരിശോധിച്ച ഫയലുകളുടെ ഫീൽഡുകളിൽ wc 293314 എന്ന പ്രവൃത്തിയുടെ ബോർഡ് ഉണ്ടായിരുന്നില്ല. ശേഷം ഫീൽഡ് പരിശോധനയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും റിപ്പോർട്ടിൽ വായിച്ചു. റിപ്പോർട്ട് അവതരണത്തിനു ശേഷം ചർച്ച ആയിരുന്നു.

*ചർച്ചയിൽ ആദ്യം വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗം നാരായണൻ, വാർഡിൽ പ്രവൃത്തി നടത്തുമ്പോൾ വി.എം.സി അംഗങ്ങളെ അറിയിക്കറില്ല എന്നു പറഞ്ഞു.

* വി.എം.സി അംഗമായ ഉണ്ണികൃഷ്ണൻ, ചെങ്ങോട്ടുകാവ് പഞ്ചായത്തിലെ തന്നെ മറ്റ് പല വാർഡുകളിലും തൊഴിലുറപ്പു തൊഴിലാളികൾ വൈകുന്നേരം 4 മണിക്ക് പണി നിർത്തി പോകാറുണ്ടെന്ന് പരാതിപ്പെട്ടു. കൂടാതെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് ഗ്രാമ സഭയിൽ വയ്ക്കുന്നതിന് മുൻപ് വാർഡിലെ മേറ്റുമാർക്ക് ഓരോ കോപ്പി വീതം നൽകാൻ കഴിയുമോയെന്ന് ചോദിച്ചു. ഗ്രാമസഭയിലെ റിപ്പോർട്ട് അവതരണത്തിലൂടെ മാത്രം തൊഴിലാളികൾക്ക് കാര്യങ്ങൾ വ്യക്തമകണമില്ല എന്ന് അഭിപ്രായപ്പെട്ടു.

* 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നില്ല എന്ന് ജാനകി എന്ന തൊഴിലാളി പറഞ്ഞു.

*sc കുടുംബത്തിൽ നിന്നുള്ളതൊഴിലാളികൾക്ക് 150 തൊഴിൽ ദിനങ്ങൾ കൊടുക്കുന്നുണ്ടോയെന്ന് സുധ എന്ന തൊഴിലാളി ചോദിച്ചു. കൂലി വർധിപ്പിക്കനാം എന്നു പറഞ്ഞു.

*വി.എം.സി അംഗം നാരായണൻ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന വിദഗ്ധ തൊഴിലുകൾ ഏതൊക്കെയാണെന്ന് ചോദിച്ചു.കൂടാതെ വാർഡിൽ പുതുതായി വരുന്ന കനാൽ നിർമ്മാണം തൊഴിലുറപ്പിൽ ചെയ്യുവാൻ കഴിയുമോയെന്നു ചോദിച്ചു.

*മേറ്റ് രേണുക, തൊഴിലിന് അപേക്ഷിച്ചിട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറില്ല എന്ന് പരാതിപ്പെട്ടു. കാട് വെട്ടൽ, തെങ്ങുതുറക്കൽ പോലുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നും അത്തരം പ്രവൃത്തികൾ എടുക്കാനാവാത്തതിനാൽ ഭൂഉടമകൾ ഭൂമി അനുവദിച്ചു തരുന്നതിനു വിസമ്മതിക്കുന്നുണ്ടെന്നും പറഞ്ഞു.കൂടാതെ sc ക്കും വിധവകൾക്കും നിലവിൽ തെങ്ങുതുറക്കൽ പ്രവൃത്തി ചെയ്യുവാൻ കഴിയുമോ എന്നും ചോദിച്ചു.

*തൊഴിൽ സമയം 4 മണി വരെ ആക്കുവാൻ കഴിയുമോയെന്ന് അജിത എന്ന തൊഴിലാളി ചോദിച്ചു.

*രോഹിണി എന്ന തൊഴിലാളി പണി ആയുധ വാടക ലഭിക്കാറില്ല എന്നു പരാതിപ്പെട്ടു.

*ഒരു തൊഴിൽ കാർഡിൽ ഒന്നിൽ കൂടാതെ ആളുകൾ പണിഎടുക്കുമ്പോൾ തൊഴിൽ ദിനം കൂട്ടാൻ കഴിയുമോ എന്ന് പ്രേമ എന്ന തൊഴിലാളി ചോദിച്ചു.

ചർച്ചയ്ക്ക് ശേഷം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് NREGA സ്റ്റാഫ് സന്ധ്യ ചർച്ചക്ക് മറുപടി പറഞ്ഞു. തൊഴിലാളികലുടെ കൂലിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടതെല്ലാം കൃത്യ സമയത്ത് ചെയ്യുന്നുണ്ടെന്ന് പറഞ്ഞു. മറ്റു വാർഡുകളിൽ 4 മണിക്ക് പണി നിർത്തുന്നുണ്ടെന്ന പരാതിക്ക് മറുപടിയായി അത് തൊഴിലാളികളോട് പഞ്ചായത്തിൽ നേരിട്ട് പരതിപ്പെടാനും അങ്ങനെ പരാതിപ്പെട്ടാൽ 4 മണിക്ക് മുൻപ് പണി അവസാനിക്കുന്നവർക്ക് എതിരെ നടപടിയെടുക്കണമെന്നും പറഞ്ഞു. പണിയായുധ വാടക എല്ലാവർക്കും കൃത്യമായി നൽകാറുണ്ടെന്നും കിട്ടാത്തവരോട് അവരുടെ പാസ് ബുക്കുമായി പഞ്ചായത്തിൽ വന്നാൽ വ്യക്തമാക്കി തരാമെന്നും പറഞ്ഞു. തെങ്ങുതുറക്കൽ പോലുള്ള ആവർത്തിച്ചു വരുന്ന പണി തൊഴിലുറപ്പിൽ ചെയ്യുവാൻ കഴിയില്ല എന്ന് പറഞ്ഞു പകരം ആസ്തിയുള്ള പണികളാണ് ചെയ്യുന്നതെന്നും പറഞ്ഞു. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാത്തതിനു കാരണം പ്രവരിതി ചെയ്യേണ്ട സ്ഥലം ജിയോ റാഗ്ഗ് ചെയ്തത്തിനു ശേഷമാണ് മാസ്റ്റർ റോൾ അടിച്ചു കിട്ടുന്നത്  എന്നതിലാണെന്നും പറഞ്ഞു. ഒരു കുടുംബത്തിന് 100 പണിയാണ് അനുവദിക്കുന്നതെന്നും ആ തൊഴിൽ കാർഡിൽ എത്ര ആളുകൾ തൊഴിലെടുക്കുന്നു എണ്ണത്തിനനുസരിച്ചു തൊഴിൽ ദിനം കൂട്ടാനാവില്ല എന്ന് വി.ആർ.പി അപർണ പറഞ്ഞു. തൊഴിലികളുടെ കൂലി വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന ചോദ്യത്തിന് മറുപടിയായി വി.ആർ.പി ഷിദ്യ നിലവിൽ കേരളത്തിലാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലി കൂടുതൽ ലഭിക്കുന്നതെന്നും ഇതു വരെ വർധിപ്പിചിട്ടില്ല എന്നും പറഞ്ഞു. തുടർന്ന് തൊഴിലാളികൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കൈയടിച്ചു പാസാക്കുകയും തൊഴിലാളിയായ സിന്ധു  നന്ദി പറഞ്ഞതിനുശേഷം 4.45ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിപ്പിച്ചു.

തീരുമാനങ്ങൾ:

* 15 ദിവസത്തിനുള്ളിൽ കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

* 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

* പദ്ധതി ആസൂത്രണത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചു.

* ഒരു റീസർവ്വേയിൽ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം ഭൂവികസന പ്രവൃത്തികൾ ചെയ്യുവാൻ തീരുമാനിച്ചു.

* പകുരിസ്ഥിതിക്ക് അനുയോജ്യമായ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ തീരുമാനിച്ചു.